**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2027** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>ടൈപ്പിസ്റ്റ് തസ്തിക നിലനിർത്തുന്നതിനുള്ള നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പി. മോഹനൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് സർക്കാർ സർവ്വീസിലും, സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും ടൈപ്പിസ്റ്റ് തസ്തികകൾ ഇല്ലാതാക്കുന്നതിനോ, സറണ്ടർ ചെയ്യുന്നതിനോ തീരുമാനിച്ചിട്ടുണ്ടോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ, പ്രസ്തുത ഉത്തരവിന്റെ/സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ടൈപ്പിസ്റ്റ് തസ്തിക ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടില്ല.

**(ബി)** സർക്കാർ സർവ്വീസിൽ മിക്ക വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം വന്ന സാഹചര്യത്തിൽ കമ്പ്യൂട്ടർ പ്രാവിണ്യവും ടൈപ്പിംഗ് സ്പീഡുമുള്ള ടൈപ്പിസ്റ്റിന്റെ തസ്തികകൾ ഒഴിവാക്കുന്നതുകൊണ്ട് പ്രത്യേകിച്ച് എന്തെങ്കിലും നേട്ടങ്ങൾ ഉണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ടൈപ്പിസ്റ്റ് തസ്തിക ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടില്ല.

**(സി)** പോലീസ് വകുപ്പിൽ എ.ആർ. കാഷ്യർ, 4 ടൈപ്പിസ്റ്റ്, രണ്ട് ഓഫീസ് അറ്റൻഡന്റ് തസ്തികകൾ എന്നിവ സറണ്ടർ ചെയ്ത് ഗസറ്റഡ് റാങ്കിലുള്ള അഞ്ച് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അഞ്ച് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികകൾ സൃഷ്ടിക്കുമ്പോൾ സർക്കാരിന് സാമ്പത്തിക ബാധ്യത അധികരിക്കുകയാണെന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ;

**<u>മറുപടി:</u>** പോലീസ് ആസ്ഥാനത്തെ 2 ഓഫീസ് അറ്റൻഡന്റ് തസ്തികകളും 4 ടൈപ്പിസ്റ്റ് തസ്തികകളും 2 എ.ആർ. കാഷ്യർ തസ്തികകളും സറണ്ടർ ചെയ്ത് 5 അക്കൗണ്ട്സ് ഓഫീസർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

അത് പരിശോധിച്ചു വരുന്നു.

**(ഡി)** പോലീസ് വകുപ്പിൽ നിലവിലുള്ള ടൈപ്പിസ്റ്റിന്റെ വേക്കൻസികൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പോലീസ് വകുപ്പിൽ നിലവിലുള്ള ടൈപ്പിസ്റ്റ് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(ഇ)** പൂർണമായും കമ്പ്യൂട്ടർ വർക്കുകൾ മാത്രം കൈകാര്യം ചെയ്യുന്ന ടൈപ്പിസ്റ്റ് തസ്തികയുടെ പേര് മാറ്റി എൽ.ഡി. കമ്പ്യൂട്ടർ അസിസ്റ്റന്റ് ആക്കണമെന്ന ആവശ്യത്തിൽ സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**മറുപടി:** വിവിധ വകുപ്പുകളിലെ ടൈപ്പിസ്റ്റ് തസ്തിക പുനർനാമകരണം ചെയ്യണമെന്ന ആവശ്യം നിരാകരിച്ചുകൊണ്ട് 28-03-2022-ലെ ജി.ഒ.(ആർടി) നം. 110/2022/പി&എആർഡി പ്രകാരം ഉത്തരവായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**